**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1521 | 22/03/2013-ൽ മറുപടിയ്ക്ക്

## സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ കീഴിൽ വിവിധ വികസന പദ്ധതികൾ

ചോദ്യം | മറുപടി

ശ്രീ. വി.ശശി

**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് കീഴിൽ വിവിധ വികസന പദ്ധതികൾക്കായി ബജറ്റിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയ 11 കോടി രൂപയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയ 11 കോടി രൂപയിൽ 2013 ഫെബ്രുവരി 28 വരെ 4.62 കോടി രൂപ ചെലവഴിച്ചു. |
| ബി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിരുന്നത്; | ബി) 2012-13 സാമ്പത്തിക വർഷത്തിൽ 85 കോടി രൂപയുടെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചു. ഇതിന്റെ 85 ശതമാനം കേന്ദ്ര വിഹിതവും 15 ശതമാനം സംസ്ഥാന വിഹിതവുമാണ്. ഈ 15 ശതമാനം സംസ്ഥാന വിഹിതമായാണ് 11 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയത്.<br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന |

ഘടകത്തിൽ ഉൾപ്പെടുത്തി പൊതുമേഖലയിൽ 2 മാതൃകാ നഴ്സറികൾ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും 5 ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 31.25 ലക്ഷം രൂപയും സ്വകാര്യമേഖലയിൽ 8 ചെറുകിട നഴ്സറികൾ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപയും പൊതുമേഖലയിൽ 2 ടിഷ്യുകൾച്ചർ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി 30 ലക്ഷം രൂപയും 3 പുതിയ ടിഷ്യുകൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയും സ്വകാര്യമേഖലയിൽ 2 പുതിയ ടിഷ്യുകൾച്ചർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപയും 30 ഹെക്ടർ സ്ഥലത്ത് പച്ചക്കറി വിത്തുത്പാദനത്തിനും വിതരണത്തിനുമായി 15 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. ഉത്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 90 ലക്ഷം രൂപയും, വാഴയുടെയും കൈതച്ചക്കയുടെയും പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 1000 ഹെക്ടർ വീതം സ്ഥലത്തേയ്ക്ക് 262.5 ലക്ഷം രൂപ വീതവും 2000 ഹെക്ടർ സ്ഥലത്ത് ടിഷ്യുക്കൾച്ചർ വാഴകൃഷിയ്ക്ക് 624.030 ലക്ഷം രൂപയും 120 ഹെക്ടർ സ്ഥലത്തെ കട്ട്ഫ്ളവർ കൃഷിയ്ക്ക് 42 ലക്ഷം രൂപയും 15 ഹെക്ടർ സ്ഥലത്തെ

ലൂസ് ഫ്ളവർ കൃഷിയ്ക്ക് 1.8 ലക്ഷം രൂപയും 1720 ഹെക്ടർ സ്ഥലത്തെ സുഗന്ധവ്യജ്ഞന കൃഷിയ്ക്ക് 260 ലക്ഷം രൂപയും 320 ഹെക്ടർ സ്ഥലത്ത് കൊക്കോയുടെ വിളവിസ്തൃതി വ്യാപനത്തിന് 38.4 ലക്ഷം രൂപയും 2375 ഹെക്ടർ സ്ഥലത്ത് കൊക്കോയുടെയും കുരുമുളകിന്റെയും പഴയതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിന് 356.3 ലക്ഷം രൂപയും 94 ജലസ്രോതസ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് 259.9 ലക്ഷം രൂപയും, സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 25 ഹെക്ടർ സ്ഥലത്ത് നാച്ച്യുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചർ സ്ഥാപിക്കുന്നതിന് 1168.75 ലക്ഷം രൂപയും 4900 ഹെക്ടറിലെ സംയോജിത രോഗകീട നിയന്ത്രണത്തിന് 49 ലക്ഷം രൂപയും 4000 ഹെക്ടർ സ്ഥലത്തെ ജൈവകൃഷിയ്ക്ക് 145 ലക്ഷം രൂപയും 4000 ഹെക്ടർ സ്ഥലത്തെ ജൈവ സർട്ടിഫിക്കേഷന് 120 ലക്ഷം രൂപയും 350 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് 105 ലക്ഷം രൂപയും തേനീച്ച വളർത്തലിന് 98 ലക്ഷം രൂപയും ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 203.75 ലക്ഷം രൂപയും മാനവ വിഭവശേഷി വികസനത്തിന് 166.08 ലക്ഷം രൂപയും വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ

ഉൾപ്പെടുത്തി 25 പായ്ക്ക് ഹൗസുകൾ നിർമ്മിക്കുന്നതിന് 37.5 ലക്ഷം രൂപയും 6 പ്രികൂളിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 40.5 ലക്ഷം രൂപയും 19 റീഫർ വാനുകൾക്ക് 196.8 ലക്ഷം രൂപയും 6 കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾക്ക് 855 ലക്ഷം രൂപയും 5 റൈപ്പനിംഗ് ചേമ്പറുകൾക്ക് 690 ലക്ഷം രൂപയും 10 പ്രിസർവേഷൻ യൂണിറ്റുകൾക്ക് 8 ലക്ഷം രൂപയും വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 25 റൂറൽ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് 239 ലക്ഷം രൂപയും 38 ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് 179 ലക്ഷം രൂപയും 9 സോർട്ടിഗ്-ഗ്രേഡിംഗ്-പായ്ക്കിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 60.75 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

സി) ഇതിൽ ഏതെല്ലാം പരിപാടികൾക്കാണ് തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മിഷൻ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പരിപാടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

സി) 2012-13 സാമ്പത്തിക വർഷത്തിൽ ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്വകാര്യമേഖലയിൽ ഒരു മാതൃകാ നഴ്സറിയും രണ്ട് ചെറുകിട നഴ്സറികളുടെ സ്ഥാപിക്കൽ, സ്വകാര്യ മേഖലയിൽ 2ഉം, പൊതുമേഖലയിൽ 1 ഉം ടിഷ്യുക്കൾച്ചർ യൂണിറ്റുകളുടെ പുനരുദ്ധാരണം, പൊതുമേഖലയിൽ ഒരു ടിഷ്യുക്കൾച്ചർ യൂണിറ്റിന്റെ നിർമ്മാണം, 8 ഹെക്ടർ സ്ഥലത്തെ പച്ചക്കറി വിത്തുത്പാദനം, 165.1153

ഹെക്ടറിലെ മാവ്, 1246.046 ഹെക്ടറിലെ വാഴ, 1281.855 ഹെക്ടറിലെ കൈതച്ചക്ക, 727.76 ഹെക്ടറിലെ ടിഷ്യുക്കൾച്ചർ വാഴ എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കൽ, 3 കൂൺ വിത്തുത്പാദന യൂണിറ്റുകളുടെ നിർമ്മാണം, 97.957 ഹെക്ടറിലെ പുഷ്പകൃഷി, 1358.6663 ഹെക്ടറിലെ സുഗന്ധവ്യഞ്ജന വിളകളുടെയും 441.63 ഹെക്ടറിലെ കശുമാവ്, കൊക്കോ എന്നിവയുടെ വിളവിസ്തൃതി വ്യാപനം, 1034.184 ഹെക്ടറിലെ കൊക്കോ, കുരുമുളക്, ജാതി, അടയ്ക്ക എന്നിവയുടെ പഴയതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തോട്ടങ്ങളുടെ പുനരുദ്ധാരണം, 19 ജലസ്രോതസ് യൂണിറ്റുകളുടെ നിർമ്മാണം, 0.8443 ഹെക്ടറിലെ സംരക്ഷിത കൃഷി, 2556.75 ഹെക്ടറിലെ സംയോജിത രോഗ കീട നിയന്ത്രണം, 172 മണ്ണിര കമ്പോസ്റ്റു യൂണിറ്റുകളുടെ നിർമ്മാണം, 13750 തേനീച്ച പെട്ടികളുടേയും കോളനികളുടേയും വിതരണം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 557 യൂണിറ്റ് യന്ത്രങ്ങളുടെ വിതരണം, വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 3 പായ്ക്ക്ഹൗസുകളുടെ നിർമ്മാണം, വിപണികളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 1 റൂറൽമാർക്കറ്റിന്റെ

നിർമ്മാണം, മാനവവിഭവശേഷി വികസനം എന്നിവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

42.612 ഹെക്ടറിൽ വാഴകൃഷി, 83.12 ഹെക്ടറിൽ ടിഷ്യുക്കൾച്ചർ വാഴകൃഷി, 20.6 ഹെക്ടറിൽ പുഷ്പകൃഷി, 49.35 ഹെക്ടറിൽ ഇഞ്ചികൃഷി, 23 ഹെക്ടറിൽ മഞ്ഞൾകൃഷി, 13.6 ഹെക്ടറിൽ കുരുമുളക്കൃഷി, 140.056 ഹെക്ടർ കുരുമുളകിന്റെയും 1ഹെക്ടർ കൊക്കോയുടേയും പുനരുദ്ധാരണം, 15 മണ്ണിരകമ്പോസ്റ്റ് യൂണിററുകളുടെ നിർമ്മാണം, 239.5 ഹെക്ടറിലെ സംയോജിത രോഗ കീട നിയന്ത്രണം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 10.45 ലക്ഷം രൂപയുടെ യന്ത്രങ്ങളുടെ വിതരണം എന്നിവയാണ് ഈ പദ്ധതിയിൻ കീഴിൽ ഹോർട്ടിക്കൾച്ചർ മിഷൻ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പരിപാടികൾ.

സെക്ഷൻ ഓഫീസർ